# KOLO SURYOYO

**വി. മർത്തമറിയം യൂത്ത് അസ്സോസിയേഷൻ മണർകാട്**

**എട്ടുനോമ്പുപെരുന്നാൾ സപ്ലിമെന്റ്**

Web: www.stmarysyouthmanarcad.org
www.syrianchurch.org/Kolosuryoyo.htm (internet edition)




എട്ടുനോമ്പ് പെരുന്നാളിനോടനുബന്ധിച്ചുള്ള പ്രദിക്ഷണം മണർകാട് കവലയിലുള്ള കുരിശുപള്ളിയിൽ എത്തിച്ചേർന്നപ്പോൾ

## വിശുദ്ധ കന്യകമറിയം: ദരിദ്രരുടെ അമ്മ




**അഭി. ഡോ. ഗീവറുഗീസ് മോർ കുറിലോസ്**

(നിരണം ഭദ്രാസന മെത്രാപ്പോലീത്ത)


ലോകരക്ഷകനായ ക്രിസ്തുവിന്റെ മനുഷ്യാവതാര ചരിത്രം ഒരു വിമോചനഗാഥയാണ്. പീഡിതരുടെയും ദരിദ്രരുടെയും തിരസ്കരിക്കപ്പെടുന്നവരുടെയും അസ്ഥിത്വമായിരുന്നു മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തുവിന്റെ ആളത്വം. സാധാരണ മനുഷ്യനായിത്തീർന്ന ദൈവത്തിന്റെ അമ്മയും ദരിദ്രയായിരുന്നു. പട്ടിണിയും പ്രയാസവും ആവോളം അനുഭവിച്ച പാരമ്പര്യമുള്ള പാവപ്പെട്ട മറിയാമിനെ ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ ഉൾപ്പെടുത്തിയത് ദൈവത്തിന്റെ സൂക്ഷ്മമായ പദ്ധതിയുടെ ഭാഗമാണ്. മണർകാട് പള്ളിയിലും ഇതര ദേവലായങ്ങളിലും എട്ടുനോമ്പ് പെരുന്നാളുകളിൽ പങ്കെടുക്കുന്നവരിൽ ബഹുഭൂരിപക്ഷവും പാവപ്പെട്ട സ്ത്രീകളാണ് എന്നുള്ളത് കന്യകമറിയാമിന്റെ ദരിദ്രരോടുള്ള ഏകീഭാവത്തിന്റെ പ്രകടമായ നിദർശനമാണ്.

പരിശുദ്ധ കന്യകമറിയാമിനെക്കുറിച്ച് ചിന്തിക്കുമ്പോൾ ആരുടെയും മനസ്സിൽ ആദ്യം കടന്നുവരുന്ന വിശേഷണം ‘വിനയം’ എന്നതായിരിക്കും. താഴ്മയുടെ ആൾരൂപമായിരുന്നു അമ്മ. എന്നാൽ പലപ്പോഴും ശ്രദ്ധിക്ക


*(ശേഷം പേജ് 5-ൽ)*





# മൂന്നു ദശകം പൂർത്തിയാക്കുന്ന വലിയ ഇടയൻ



ഫീലിപ്പോസിന്റെ കൈസര്യായിൽവെച്ച് ശ്ലീഹന്മാരിൽ തലവനായ വി. പത്രോസ് ദൈവാത്മ പ്രേരിതനായി വിശ്വാസ പ്രമാണം നടത്തിയപ്പോൾ ക്രിസ്തു ഇപ്രകാരം കല്പിച്ചു. നീ പത്രോസ് ആകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല എന്നു ഞാൻ നിന്നോടു പറയുന്നു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്ക് തരുന്നു. നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും (വി. മത്തായി 16:18–20). ഇപ്രകാരം ദൈവിക അധികാരം സിദ്ധിച്ച വി. പത്രോസ് അന്ത്യോഖ്യായിൽ തന്റെ സിംഹാസനം സ്ഥാപിച്ചു. ആ വിശുദ്ധ സിംഹാസനത്തിൽ ഭാഗ്യമോടെ തിരുസഭയെ പരിപാലിച്ചുപോരുന്ന ഇടയന്മാരുടെ ഇടയനും പിതാക്കന്മാരുടെ പിതാവുമായ മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ 30–ാം സ്ഥാനാരോഹണ വാർഷികം സെപ്റ്റംബർ 14–ന് വി. സഭ ആഘോഷിക്കുന്നു. മലങ്കര സഭ ഉൾപ്പെട്ട ആകമാനസുറിയാനി സഭയിലെ വി. പത്രോസിന്റെ 122–ാമത്തെ പിൻഗാമിയായ പി. പിതാവിന്റെ തൃപ്പാദത്തിൽ എല്ലാ ആശംസകളും നേർന്നുകൊണ്ട് പ. പിതാവിന്റെ ജീവിതത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം.

രണ്ട് നൂറ്റാണ്ടിനിടയിൽ പ. അന്ത്യോഖ്യാ സിംഹാസനത്തിൽ ഏറ്റവും കൂടുതൽ കാലം നേതൃത്വം നൽകിയ പാത്രിയർക്കീസ് ബാവായാണ് പ. പിതാവ്. 35 വർഷക്കാലം സഭയെ നയിച്ച മോറാൻ മോർ ഇഗ്നാത്തിയോസ് മത്തായി (1782–1817)യ്ക്കു ശേഷം ആരും ഇത്രയും കാലം പാത്രിയർക്കീസ് ആയിട്ടില്ല. വി. പത്രോസ് ശ്ലീഹാ മുതൽ ഇതുവരെയുള്ള 122 പാത്രിയർക്കീസന്മാരിൽ 22 പേർ മാത്രമേ കാൽനൂറ്റാണ്ടിലധികം സ്ഥാനം വഹിച്ചിട്ടുള്ളൂ. 42 വർഷം സഭയെ നയിച്ച മോറാൻ മോർ ഇഗ്നാത്തിയോസ് മത്തായ്ഹൂദായോ ദാലോഹോ (1597–1639) ആണ് ഏറ്റവും കൂടുതൽ കാലം അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്നത്.

### ജനനവും ബാല്യവും

പ. പിതാവ് ഇറാക്കിലെ മൂസൽ പട്ടണത്തിൽ ഈവാസ് എന്ന പ്രഭു കുടുംബത്തിൽ 1933 ഏപ്രിൽ 21–ന് ഭൂജാതനായി. സെൻഹരീബ് (വിശുദ്ധ ബഹനാം സഹദായുടെ പിതാവ്) എന്നായിരുന്നു ബാല്യത്തിലെ പേര്. മൂസലിലെ സെന്റ് തോമസ് സ്കൂളിലും അവിടെയുള്ള മോർ അപ്രേം തിയോളജിക്കൽ സെമിനാരിയിലും പ്രശസ്തമായ വിധം പഠനം നടത്തി. സെമിനാരി പഠനകാലത്ത് “സാഖാ” എന്ന നാമം സ്വീകരിച്ചു.

### പൗരോഹിത്യത്തിന്റെ നാൾവഴികൾ

1948 നവംബർ 28–ന് മോർ അത്താനാസിയോസ് തോമ കസ്സീർ മെത്രാപ്പോലീത്തായിൽനിന്ന് കോറൂയോ പട്ടം സ്വീകരിച്ചു. 1954 ജൂൺ 6–ന് ശർവോയോ റമ്പാൻ സ്ഥാനവും സ്വീകരിച്ചു. തുടർന്ന് പ. അപ്രേം പ്രഥമൻ, പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാമാരുടെ സെക്രട്ടറിയായി പ്രവർത്തിച്ചു. ഈ കാലങ്ങളിൽ വിവിധ ഭാഷകളിൽ പ്രാവീണ്യവും ഉപരിപഠനങ്ങളും നടത്തി. 1957 നവംബർ 17–ന് പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ വൈദികപട്ടവും 1959 ഏപ്രിൽ 15–ന് റമ്പാൻ സ്ഥാനവും 1963 നവംബർ 17–ന് മൂസൽ ഭദ്രാസനത്തിനായി മോർ സേവേറിയോസ് എന്ന നാമധേയത്തിൽ മെത്രാപ്പോലീത്തയായും വാഴിച്ചു.

### മെത്രാപ്പോലീത്തായായുള്ള ഭരണകാലം

1962 മുതൽ 1980 വരെ മൂസലിന് പുറമേ യൂറോപ്പ്, ബാഗ്ദാദ്, ബസ്രാ, മോർ മത്തായിയുടെ ദയറാധിപൻ, ഡബ്ല്യൂ. സി. സി. യുടെ കേന്ദ്രകമ്മിറ്റിയംഗം, പ. യാക്കോബ് തൃതീയൻ ബാവായുടെ പ്രതിനിധിയായി പല എക്യൂമെനിക്കൽ സമ്മേളനങ്ങളിലും പല ഡെലിഗേഷനുകളിലും പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. 1964–ൽ മൂസലിലെ വി. മാർത്തോമ്മാ ശ്ലീഹായുടെ പള്ളിയിൽ നിന്ന് ഇന്ത്യയുടെ കാവൽപിതാവായ വി. മാർത്തോമാ ശ്ലീഹായുടെ തിരുശേഷിപ്പുകൾ കണ്ടെടുക്കാനുള്ള ഭാഗ്യം ഉണ്ടായത്. പ. ബാവായുടെ എപ്പിസ്കോപ്പൽ ജീവിതത്തിലെ അതിപ്രധാന സംഭവമാണ്.

### വി. പത്രോസിന്റെ പിൻഗാമി

പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ 1980 ജൂൺ 25–ന് കാലം ചെയ്തതിനെ തുടർന്ന് 1980 ജൂലൈ 11–ന് ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ ആകമാന സുറിയാനി സഭ സുന്നഹദോസ് പ. പിതാവിനെ പാത്രിയർക്കാ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1980 സെപ്റ്റംബർ 14 ചരിത്രത്തിൽ ആദ്യമായി മലങ്കരയിലെ ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ സ്ഥാനാരോഹണം നടന്നു.

പ. ബാവായുടെ ഭരണകാലത്ത് മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത വളർച്ചയാണ് സുറിയാനി സഭയ്ക്ക് ലോകമെങ്ങും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പാത്രിയർക്കാ ആസ്ഥാനമായ ഡമാസ്കസിലെ മറാത്ത് സെയ്ദ്നായിൽ സെന്റ് അപ്രേം തിയോളജിക്കൽ സെമിനാരി, പ. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ നാമത്തിലുള്ള കത്തീഡ്രൽ, സെന്റ് അപ്രേം പാത്രിയർക്കൽ ഹാൾ എന്നിവയോടുകൂടിയ അതിമനോഹരമായ മന്ദിര സമുച്ചയം, ലോകത്തിന്റെ നാനാഭാഗത്ത് പുതിയ ഭദ്രാസനങ്ങളും മെത്രാപ്പോലീത്തമാരും, പള്ളികളും, സ്ഥാപനങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നതും ലോകത്തിലെ വിവിധ സഭാദ്ധ്യക്ഷന്മാർ പ. പിതാവിനെ സന്ദർശിക്കുന്നതും എക്യുമെനിക്കൽ സമ്മേളനങ്ങൾ നടത്തപ്പെടുന്നതും എടുത്തു പറയേണ്ട നേട്ടങ്ങളാണ്. കത്തോലിക്കാസഭയുമായി 15 നൂറ്റാണ്ടുകളും പൗരസ്ത്യ ഈസ്റ്റേൺ ഓർത്തഡോക്സ് സഭകളുമായി അവയുടെ തുടക്കം മുതലും നിലനിന്ന അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിച്ചത് പ. ബാവായുടെ ഭരണകാലത്തെ പ്രധാന നേട്ടങ്ങളാണ്. ഇംഗ്ലീഷിലും അറബിയിലും സുറിയാനിയിലുമായി 26–ൽ പരം ഗ്രന്ഥങ്ങൾ പ. ബാവ രചിച്ചിട്ടുണ്ട്.

### പ. ബാവായും മലങ്കരയും

(ശേഷം പേജ് 5–ൽ)









# മറിയാം മാനവകുലത്തിന്റെ മാതാവ്



**റവ. ഫാ. കുറിയാക്കോസ് കാലായിൽ**
(യൂത്ത് അസോസിയേഷൻ പ്രസിഡന്റ്)

മാതൃത്വം ഒരു അനുഗ്രഹീത വരമാണ്. ഒരു അമ്മയാകുന്നതും സ്തന്യം നൽകുന്നതും സ്ത്രീയെ സംബന്ധിച്ചിടത്തോളം സൗഭാഗ്യമത്രെ. ആദ്യ മാതാവായ ഹൗവ്വായുടെ അനുസരണക്കേടുമൂലം മനുഷ്യനു നഷ്ടപ്പെട്ട ദൈവീക ബന്ധം പുനഃസ്ഥാപിക്കുവാൻ ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ അമ്മയായി തീരുക എന്നത് വർണ്ണനാതീതവും വിലമതിക്കാനാവത്തുതുമായ സൗഭാഗ്യമത്രെ. പ്രവാചകന്മാരിലൂടെ ദൈവം ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്ത സത്യം യാഥാർത്ഥ്യമാകുവാൻ നിരവധി യഹൂദകന്യകമാർ കാത്തിരുന്നിട്ടും ഗലീലയിലെ നസ്രത്തിലെ പാവപ്പെട്ട കന്യകയുടെ അടുക്കലേക്കാണ് ദൈവം ഗബ്രിയേൽ ദൂതനെ അയച്ചത്. (വി. ലൂക്കോസ് 1:27) കാരണം മറിയാം ദൈവീക പദ്ധതിപ്രകാരം മുൻകൂട്ടി തെരഞ്ഞെടുക്കപ്പെട്ടവളായിരുന്നു. ഹന്നാ-യുനാഖിർ ദമ്പതികൾക്ക് നിരന്തര പ്രാർത്ഥനയുടെ ഫലമായി ദൈവം നൽകിയ നേർച്ചപുത്രിയായ മറിയാം ബാല്യത്തിൽ തന്നെ ദൈവാലയത്തിൽ വളർത്തപ്പെടുകയായിരുന്നു.

ആശംസകൾ



**അനിൽ പി. പുന്നൻ**
പുള്ളോലിക്കൽ
കങ്ങഴ

പുരോഹിതന്മാർക്ക് മാത്രം ഭക്ഷിക്കാൻ അവകാശമുള്ള കാഴ്ചയപ്പം നൽകി ദൈവം പരിപാലിച്ചവളായിരുന്നു. മാതൃസഹോദരീസ്ഥാനീയായ ഏലിശബ്ബായുടേയും ഭർത്താവായ സഖര്യാപുരോഹിതന്റെയും പരിപാലനത്താൽ വിശുദ്ധ ജീവിതം നയിച്ചവളായിരുന്നു മറിയാം. മാനവകുലത്തിന്റെ വീണ്ടെടുപ്പിനായി ദൈവം തിരഞ്ഞെടുത്ത രണ്ടാം ഹവ്വായത്രെ മറിയാം. ഈ തെരഞ്ഞെടുപ്പാണ് ലോകരക്ഷകനായ ക്രിസ്തുവിന്റെ അമ്മ എന്ന പദവി വിശുദ്ധ മറിയത്തിനു ലഭിക്കാൻ കാരണം.

തിരുവചനവെളിച്ചത്തിൽ വിശുദ്ധ മാതാവായതിനെക്കുറിച്ച് പറഞ്ഞരിക്കുന്ന വേദഭാഗങ്ങളിലൂടെ നമുക്ക് ഒന്ന് കണ്ണോടിക്കാം.

വി. ലൂക്കോസ് 1:5. പരിശുദ്ധാത്മാവ് നിന്റെ മേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും ആകയാൽ ഉല്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും. ഇതിന് പോൽ ബലകമായി - പഴയ നിയത്തിൽ വിശുദ്ധമറിയത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നതിപ്രകാരമാണ്.

ശെയ്യാവ് 7:4 കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. വി. മത്തായി 1:22 ലും ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. ഇല്പത്തി 3:15 ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതതിക്കും അവളുടെ സന്തതിയും തമ്മിൽ ശത്രുത്വം ഉണ്ടാകും. (സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലതകർക്കും)

ഉത്തമഗീതം 6:9 താഴ്വരയിലെ ലില്ലി, 2:1 കെട്ടിയടക്കപ്പെട്ട തോട്ടം, മുദ്രയടിക്കപ്പെട്ടിരിക്കുന്ന ഒരു കിണർ, അടച്ചിട്ടിരിക്കുന്ന നീരുറവ, ഊദ്യാനാരുവി 4:15 എന്നിവകൾ എല്ലാം മറിയാമിന്റെ പ്രതിരൂപങ്ങൾ അത്രെ.

വി. ലൂക്കോസ് 1:41-43 വാക്യങ്ങളിൽ വാർദ്ധക്യത്തിൽ ഗർഭിണിയായ ഏലിശബ്ബായുടെ ഭവനത്തിൽ എത്തി വന്ദനം ചൊല്ലുന്ന സമാധാനത്തിന്റെ രാജ്ഞിയായ മറിയത്തോട് ഏലിശബ്ബാ ഇപ്രകാരം പറയുന്നു. എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെനിന്നുണ്ടായി.

വിശുദ്ധ മത്തായി 2:11 ദൈവകുമാരനായ യേശു ജനിച്ചതിന്റെ അടയാളം കണ്ട് കിഴക്ക് നിന്നും ബേത്ലഹേമിൽ എത്തിച്ചേർന്ന് വിദ്വാന്മാർ (ജ്ഞാനികൾ) നക്ഷത്രം നിന്ന സ്ഥലത്ത് യേശുവിനെ ആ വീട്ടിൽ ചെന്ന് അമ്മയായ മറിയയോടു കൂടി കണ്ടു സന്തോഷിച്ചു. അവർ രാജാധിരാജന് പൊന്നും മൂറും കുന്തിരിക്കവും കാഴ്ചവച്ചു.

വി. ലൂക്കോസ് 2:34 പിന്നെ ശിമയോൻ അവരെ അനുഗ്രഹിച്ചു. യെരുശലേം ദേവാലയത്തിൽ വച്ച് അമ്മയായ മറിയത്തോട് അനേകരുടെ ഹൃദയത്തിലെ വിചാരം വെളിപ്പെടുത്തുവാൻ അവനെ അടയാളമായി വച്ചിരിക്കുന്നു എന്ന് പറഞ്ഞു.

ഗലാത്യർ 4:4 കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവമാതാവിന്റെ പുത്രനെ സ്ത്രീയിൽ നിന്നു ജനിച്ചവനായി...നിയോഗിക്കപ്പെട്ടു.

വി. യോഹന്നാൻ 19:25-26 യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും കുരിശിന്നരികെ നിൽക്കുന്നത് കണ്ടിട്ട് സ്ത്രീയേ ഇതാ നിന്റെ മകൻ എന്ന് അമ്മയോടും, ഇതാ നിന്റെ അമ്മ എന്ന് ശിഷ്യനായ യോഹന്നാനോടും പറയുന്നു.

ഇന്റർ നാഷണൽ ബൈബിൾ ഡിക്ഷനറിയിൽ മറിയാമിനെ സ്വർഗ്ഗീയ രാജ്ഞി എന്ന് സംബോധന ചെയ്യുന്നു.

സ്ത്രീയേ എന്ന മരിയാമിനെ കുറിച്ചുള്ള സംബോധനയെക്കുറിച്ച് ചിന്തിക്കുമ്പോൾ മൂലഭാഷയായ ഗ്രീക്ക് പദം ഗുനെ എന്നാണ് കാണുന്നത്. പ്രൊട്ടസ്റ്റന്റ് പണ്ഡിതന്മാർ തയ്യാറാക്കിയ ഗ്രീക്ക് നിഖണ്ഡുവിൽ ഗുനൈ എന്ന വാക്കിന് സ്വാമിനി അഥവാ ലേഡി എന്ന് അർത്ഥം നൽകുന്നു. ആ പദം അനാദരത്തെയല്ല ബഹുമാനത്തെയാണ് കാണിക്കുന്നതെന്ന് പ്രസ്താവിക്കുകയും ചെയ്യുന്നു. അതേ സ്ത്രീ എന്ന പദത്തിലൂടെ മറിയാം അനാദരിക്കപ്പെടുന്നില്ല - മാനിക്കപ്പെടുന്നു എന്നതാണ് സത്യം. അത് അവൾ മാനവകുലത്തിനു മുഴുവൻ മാതാവാണ് എന്ന സത്യം വിളിച്ചോതുന്നു.

വേദനിക്കുന്ന മനസ്സിന് അമ്മയുടെ സ്പർശനം തേനിനേക്കാൾ മധുരമാണ്. ആ ദിവ്യസ്പനർശനം നൽകാൻ സ്നേഹമാകുന്ന ദൈവത്തിന്റെ മാതാവായ സ്നേഹസ്വരൂപനായ വിശുദ്ധ മാതാവിനേ കഴിയൂ. ഉള്ളിൽ കനൽ എരിയുന്ന മനുഷ്യർക്ക് മനം നൊന്ത് കണ്ണുനീർ ഒപ്പുമ്പോൾ അരികിലെത്തി കണ്ണുനീർ ഒപ്പാൻ കാരുണ്യത്തിന്റെ ഉറവിടമായ പരിശുദ്ധ അമ്മക്കു മാത്രമേ കഴിയൂ.

വീരനാം ദൈവവും അത്ഭുതമന്ത്രിയും സമാധാനപ്രഭുവുമായ യേശുവിന്റെ അമ്മക്ക് നീറുന്ന ഹൃദയങ്ങൾക്ക് സമാധാനം നൽകാൻ കഴിയും. ഏലിശബ്ബായേ വാർദ്ധക്യത്തിൽ ശുശ്രൂഷിക്കാൻ എത്തിയ അമ്മയ്ക്ക് സമാധാനം ആശംസിച്ചപ്പോൾ സെഖര്യാവിന്റെ ഭവനം സ്വർഗ്ഗമായി മാറി - സാന്ത്വനത്തിന്റെ ഈ പുണ്യമാർഗ്ഗമാണ് വിശുദ്ധ മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം തേടി മണർകാടുപള്ളിയിൽ എത്തുന്ന ദൈവജനത്തിനു വിശുദ്ധ അമ്മ കാണിച്ചുതരുന്നത്. ലോകത്തിന്റെ വെളിച്ചമായ ക്രിസ്തുവിനെ ലോകത്തിന് ആദ്യമായി വെളിപ്പെടുത്തിയ അമ്മയുടെ സുകൃതഗുണങ്ങൾ നമ്മിൽ വിളങ്ങട്ടെ. വിശുദ്ധിയും, വിനയവും, അചഞ്ചലമായ ദൈവവിശ്വാസവും സഹനത്തിന്റെ മാർഗ്ഗവും ഉൾക്കൊണ്ട് ദൈവത്തിനു പ്രസാദമുള്ള ജീവിതം നാം നയിക്കുമ്പോൾ പരിശുദ്ധ അമ്മ മുഖാന്തിരം നമുക്ക് സമൃദ്ധിയായ അനുഗ്രഹങ്ങൾ ദൈവം നൽകും.



# ദുഖ്റോനോ



ശ്രേഷ്ഠ ബസേലിയോസ് പൗലൂസ് ദ്വിതിയൻ ബാവാ

സെപ്തംബർ 1



അഭിവന്ദ്യ ഏബ്രഹാം മോർ ക്ലീമീസ്

സെപ്തംബർ 30



എട്ടുനോമ്പ് പെരുന്നാളിനോടനുബന്ധിച്ചുള്ള റാസ വി. മർത്തമറിയം കത്തീഡ്രലിൽനിന്നും പുറപ്പെടുന്നു

# സേവനത്തിലൂടെ ക്രൈസ്തവ ദൗത്യ പൂർത്തീകരണത്തിനായി യൂത്ത് അസോസിയേഷൻ

**അനൂപ് മാത്യു പീടിയേക്കൽ** (സെക്രട്ടറി യൂത്ത് അസോസിയേഷൻ മണർകാട്)



മാനവ സേവനത്തിലൂടെ ക്രൈസ്തവ ദൗത്യ പൂർത്തീകരണത്തിനായി തീവ്രപോരാട്ടം നടത്തുകയാണ് മണർകാട് സെന്റ്മേരീസ് യൂത്ത് അസോസിയേഷൻ. ആരാധന, പഠനം, സേവനം, സുവിശേഷഘോഷണം, വിശ്വാസസംരക്ഷണം തുടങ്ങിയവ പരിപോഷിപ്പിക്കുന്നതിനായി നിലകൊള്ളുന്ന യുവജന പ്രസ്ഥാനം ഈ മേഖലകളിലെല്ലാം തന്നെ ശ്ലാഘനീയ സേവനങ്ങൾ നല്കി വരുന്നു.

2010 പ്രവർത്തി വർഷത്തിൽ നടത്തപ്പെട്ട സേവനങ്ങളെ വിശ്വാസാധിഷ്ഠിത പരിപാടികളെയും തിരിഞ്ഞു നോക്കുമ്പോൾ മലങ്കരയുടെ ഗർജ്ജിക്കുന്ന സിംഹം എന്ന അപരനാമധേയത്താൽ പ്രസിദ്ധനായ മിഖായേൽ മാർ ദീവന്നായസ്യോസ് തിരുമനസ്സിലെ അന്ത്യവിശ്രമസ്ഥാനമായ പാണംപടിപള്ളിയിലെ കബറിങ്കലേക്ക് നടത്തിയ തീർത്ഥയാത്രയിൽ നിന്ന് പ്രാപിച്ച അനുഗ്രഹങ്ങളോടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനായി. തുടർന്ന് മണർകാട് ഗവ. എൽ.പി. സ്കൂളിലെ 80-ൽ പരം വിദ്യാർത്ഥികൾക്ക് പഠനോപകരങ്ങൾ വിതരണം ചെയ്വാനായി.

മാറാരോഗങ്ങൾ മൂലം വലയുന്നവർക്ക് ചികിത്സാസഹായം എത്തിച്ചുകൊടുക്കുന്നതിനായി മാന്നാനം അഗതി മന്ദിരത്തിൽ അന്തേവാസികൾക്ക് ഉച്ചഭക്ഷണം നല്കിയതും, ഇടുക്കി ജില്ലയിലെ ചെറുതോണി സെന്റ് മേരീസ് യാക്കോബായ സുറിയാനിപ്പള്ളിയിൽ വച്ച് തോട്ടം മേഖലയിലെ പട്ടിണിപ്പാവങ്ങൾക്ക് വസ്ത്ര-ഭക്ഷ്യധാന്യസഹായങ്ങൾ നല്കാനായത് ഈ വർഷത്തെ നേട്ടങ്ങളാണ്.

മലങ്കര സഭയുടെ വാനമ്പാടി അകാലത്തിൽ പൊലിഞ്ഞ സ്നേഹദീപം കോട്ടയിൽ വന്ദ്യ ചെറിയാനച്ചന്റെ നിര്യാണത്തിൽ അനുശോചിക്കുന്നതിനായി ഒരു അനുശോചനയോഗം നടത്തുന്നതിന് സാധിച്ചു. ഇക്കഴിഞ്ഞ ഈസ്റ്റർ ദിനത്തിൽ വി. കുർബ്ബാനയിൽ പങ്കെടുത്ത് മടങ്ങിയ വിശ്വാസികൾക്കായി "ഈസ്റ്റർ മുട്ടയും, കാപ്പിയും" നല്കി ഈസ്റ്ററിന്റെ സന്തോഷം ഏവർക്കും പകർന്നു നൽകുന്നതിനും സാധിച്ചു. പ്രവർത്തിവർഷത്തിലെ അവശേഷിക്കുന്ന മൂന്ന് മാസങ്ങൾകൊണ്ട് ഏറെ ജനോപകാരപ്രദമായ പരിപാടികൾ നടത്തുന്നതിനായി മാതൃമധ്യസ്ഥതയിലഭയപ്പെട്ട് യൂത്ത് അസോസിയേഷൻ അംഗങ്ങൾ മുന്നേറുന്നു.



പെരുന്നാളിനോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ കേന്ദ്രവാർത്താവിതരണ പ്രക്ഷേപണവകുപ്പ് മന്ത്രി ശ്രീമതി അംബികാ സോണി മുഖ്യപ്രഭാഷണം നടത്തുന്നു.

## കോലോ സുറിയോയോയുടെ പ്രവർത്തനത്തിൽ പങ്കാളിയാവുക

*മണർകാട് വിശുദ്ധ മർത്തമറിയം യൂത്ത് അസോസിയേഷൻ പ്രസിദ്ധീകരണമായ കോലോ സുറിയോയോ മൂന്നു വർഷക്കാലമായി സൗജന്യമായി വിതരണം ചെയ്യുന്നു. നിങ്ങളുടെ വിശേഷദിവസങ്ങൾ (ജന്മദിനം, വിവാഹം, വിവാഹവാർഷികം, ചരമവാർഷികം) തുടങ്ങിയവ വളരെ മിതമായ നിരക്കിൽ ഞങ്ങൾ പ്രസിദ്ധീകരിക്കുന്നു. പരസ്യങ്ങൾക്ക് ബന്ധപ്പെടുക. സെക്രട്ടറി അനൂപ് മാത്യു പീടിയേക്കൽ ഫോൺ: : 9633140100, എഡിറ്റർ സുരേഷ് ജോൺ കൈപ്പള്ളിൽ ഫോൺ : 9446073942,* sureshaboon@yahoo.com

*ഉപകാരസ്മരണ*



V. M. VARGHESE
& FAMILY
VALAYIL
Manarcad

*ഉപകാരസ്മരണ*



വാണിയപ്പുരയ്ക്കൽ
കുടുംബം
മണർകാട്



MECHERIL TRADE LINKS
MACHERIL BUILDINGS, K. K. ROAD,
MANARCADU JN., KOTTAYAM - 686 019
PH: 0481- 3126694, 2378207, MOB: 9745049994
FRP DOORS, VITRIFIED FLOOR TILES, WALL TILES, SANITARY WARES,
DOOR LOCKS, HANDLES, IMPORTED WOODEN FLOORING ETC.

ഉപകാരസ്മരണ



അനൂപ് പീടിയേക്കൻ
പീടിയേക്കൽ, മണർകാട്

ആശംസകൾ



അഖിൽ ജേക്കബ്
ജോർജ് & ഫാമിലി
തെക്കേകരിയിൽ
കല്ലുങ്കത്തറ

ഉപകാരസ്മരണ



K.C. KURIAKOSE
&
FAMILY
Kakkanattu, Peroor

# വിശുദ്ധ കന്യകമറിയം: ദരിദ്രരുടെ അമ്മ

(പേജ് 1-ൽ നിന്നും തുടർച്ച)

പ്പെടാതെ പോകുന്ന കാര്യം കന്യകമറിയം വിനയപ്പെട്ടത് ദൈവപദ്ധതിയുടെ മുമ്പാകെ ആയിരുന്നു, മറിച്ച് പുരുഷമേധാവിത്വമുള്ള സമൂഹത്തിന്റെ മുന്നിൽ ആയിരുന്നില്ല. നിലവിലിരുന്ന യഹൂദപാരമ്പര്യം അനുസരിച്ച് പുരുഷനെ അറിയാതെ വിവാഹം നിശ്ചയിക്കപ്പെട്ട ഒരു സ്ത്രീ ഗർഭിണിയായി എന്നറിഞ്ഞാൽ, ആ സ്ത്രീയെ കല്ലെറിഞ്ഞ് കൊല്ലുവാൻ പോലും അവകാശമുണ്ടായിരുന്ന ആൺകോയ്മയുടെ ഒരു സാമൂഹിക പരിസരത്ത്, അത്തരം മൂല്യങ്ങളുടെ മുന്നിൽ തലകുനിക്കാതെ, അവയെ വെല്ലുവിളിച്ചുകൊണ്ട്, ലോകരക്ഷയ്ക്ക് ആവശ്യമായിരുന്ന ദൈവത്തിന്റെ മനുഷ്യാവതാര പ്രക്രിയയ്ക്ക് തന്റെ പങ്ക് നിസ്തുലമാണ് എന്ന് തിരിച്ചറിഞ്ഞ അമ്മ, സധൈര്യം ദൈവപദ്ധതിക്ക് വഴങ്ങി സമൂഹത്തിന്റെ അപമാനം സ്വയം ഏറ്റെടുത്തു. 'ഇതാ ഞാൻ കർത്താവിന്റെ ദാസി, അവിടുത്തെ ഇഷ്ടം പോലെ എനിക്ക് ഭവിക്കട്ടെ' എന്നു പറയുവാൻ അമ്മയ്ക്ക് ധൈര്യം നൽകിയത് ഈ സാമൂഹിക പ്രതിബദ്ധതയാണ്. സ്ത്രീകൾ മാത്രമല്ലാ, എല്ലാ മനുഷ്യരും അധാർമ്മിക മൂല്യങ്ങൾക്ക് മുമ്പിൽ തലകുനിക്കരുതെന്നും ദൈവീക പദ്ധതിക്ക് മുമ്പിൽ വിനയപ്പെടണമെന്നും കന്യകമറിയം പഠിപ്പിക്കുന്നു.

**മറിയാമിന്റെ പാട്ട്**

"സകല വംശങ്ങളും ഭാഗ്യവതി എന്നു പുകഴ്ത്തുന്ന" കന്യക മറിയാമിന്റെ ലോകവീക്ഷണം സമകാലിക ലോകക്രമത്തിന് ഒരു തിരുത്തൽ വീക്ഷണമായി ഭീഷണി ഉയർത്തുന്നു. സമ്പന്നരും ബലവാന്മാരും അധികാര വർഗ്ഗവും സർവ്വാധിപത്യം പുലർത്തുന്ന ഇന്നത്തെ ലോക സാഹചര്യത്തിന് വെല്ലുവിളിയാണ് അമ്മയുടെ പ്രപഞ്ചദർശനം. സമഗ്രമായ സാമൂഹിക പരിവർത്തനമാണ് അമ്മ പാടിയ ഗീതം മുന്നോട്ടു വയ്ക്കുന്നത്. ദൈവത്തിന്റെ ആത്മാവ് പ്രചോദിപ്പിച്ചപ്പോൾ ആത്മവിവശയായി അമ്മ ദൈവത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ദൈവരാജ്യ മൂല്യങ്ങളെക്കുറിച്ചും ഉദ്ഘോഷിക്കുന്നത്. വി. ലൂക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായം 46-55 വരെയുള്ള വാക്യങ്ങളിൽ ഇത് രേഖപ്പെടുത്തിയിരിക്കുന്നു. ലത്തീൻ ഭാഷയിൽ 'മാഗ്നിഫിക്കാത്ത്' എന്നറിയപ്പെടുന്ന മറിയാമിന്റെ പാട്ട് ക്രൈസ്തവസഭയുടെ ആരാധനകളിൽ സവിശേഷസ്ഥാനം കരസ്ഥമാക്കിയിട്ടുണ്ടെങ്കിലും ഈ ഗാനത്തിലെ മൂല്യങ്ങളുടെ നിരാകരണവും തമസ്കരണവുമാണ് പലയിടങ്ങളിലും ഇന്നു കാണാൻ കഴിയുന്നത്. വിശ്വപ്രസിദ്ധനായ സുവിശേഷകൻ ഡോ. സ്റ്റാൻലി ജോൺസിന്റെ വാക്കുകളിൽ 'ലോകത്തിലെ ഏറ്റവും വിപ്ലവാത്മകമായ പ്രസ്താവനയാണ് മറിയാമിന്റെ പാട്ട്. പഴയനിമത്തിൽ 1 ശമുവേൽ 2:1-10-ൽ കാണുന്ന ഹന്നായുടെ പാട്ടിനോട് സമാനതയുണ്ട് മറിയാമിന്റെ പാട്ടിന്. സമൂഹത്തിൽ സംഭവിക്കേണ്ട മൂല്യങ്ങളുടെ കീഴ്മേൽ മറിച്ചിലിനെക്കുറിച്ചാണ് ഇവിടെ മറിയം പാടുന്നത്. ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിക്കുന്ന ദൈവത്തെയാണ് അമ്മ പാടി അവതരിപ്പിക്കുന്നത്. ഈ ദൈവം പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽ നിന്നും താഴെയിറക്കി 'കീഴാളരെ' ഉയർത്തുന്നു. ധാർമികമായ കീഴ്മേൽ മറിച്ചിലാണ് ഇവിടെ പ്രതിപാദ്യം. ബ്രിട്ടീഷുകാരും രാജാക്കന്മാരുമൊക്കെ ഭരിച്ചിരുന്ന നമ്മുടെ രാജ്യത്തിന്റെ ഒന്നാമത്തെ പൗരനായി പിന്നോക്ക വിഭാഗത്തിൽപ്പെട്ട ശ്രീ. കെ. ആർ. നാരായണനെ ദൈവം ഉയർത്തിയത് ഈ ധാർമ്മിക വിപ്ലവത്തിന് ഉദാഹരണമാണ്. ഏറ്റവും വിനയപ്പെട്ട കന്യകമറിയാമിനെയാണ് ദൈവം വാനോളം ഉയർത്തിയത്. 'ലോകരിലേവൻ മറിയാമേപോൽ താഴ്ന്നിട്ടുണ്ട്. അവളോട് തുല്യം ഉന്നതപദവിയുമാരാർജ്ജിച്ചു' എന്ന് ക്രൈസ്തവർ ആരാധനയിൽ പാടുന്നത് അതുകൊണ്ടാണ്.

വീണ്ടും അമ്മ പാടുകയാണ് 'ദൈവം വിശന്നിരിക്കുന്നവരെ നന്മകൾകൊണ്ട് സമ്പൂർണ്ണരാക്കുകയും സമ്പന്നരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു' എന്ന്. ഹന്നായുടെ പാട്ടിൽ ഇപ്രകാരം പറയുന്നു. 'സമ്പന്നർ ആഹാരത്തിനായി കൂലിക്കു നില്ക്കുന്നു. വിശക്കുന്നവർ വിശ്രമം പ്രാപിക്കുന്നു' (1 ശമുവേൽ 2;5) സാമ്പത്തികമായി കീഴ്മേൽ മറിച്ചിലിനെക്കുറിച്ചാണ് ഇവിടെ ഇരുവരും പാടുന്നത്. സമ്പത്തും സമ്പന്നരും ആധിപത്യം പുലർത്തുന്ന ആഗോള കമ്പോള വ്യവസ്ഥിതിയുടെ ഈ കാലത്ത് മൂല്യങ്ങൾ തകർന്ന്, ദരിദ്രരുടെയും മർദ്ദിതരുടെയും വിമോചനം സാധ്യമാകുന്ന ഒരു സാമ്പത്തിക ക്രമം നിലവിൽ വരും എന്ന പ്രത്യാശയാണിവിടെ നമുക്ക് കന്യകമറിയം പങ്കുവയ്ക്കുന്നത്. ചുരുക്കത്തിൽ മറിയാമിന്റെ പാട്ടിൽ അടങ്ങിയിരിക്കുന്നത് വരുവാൻ പോകുന്ന ദൈവരാജ്യത്തെക്കുറിച്ചുള്ള-ഒരു നവലോക ക്രമത്തെക്കുറിച്ചുള്ള - ഉന്നതമായ ദർശനമാണ്. നീതിയും സമത്വവും നിലനില്ക്കുന്ന ഒരു പുതിയ ലോകക്രമത്തോടുള്ള പ്രതിബദ്ധത നിഴലിക്കുന്നു ഈ ഗാനത്തിൽ. ഈ അമ്മയോടുള്ള ഭക്തി അർത്ഥവത്തായി പ്രകടിപ്പിക്കേണ്ടത് അമ്മ ആരുടെ പ്രതിനിധിയായിരുന്നുവോ- ദരിദ്രരുടെയും പാർശ്വവല്ക്കരിക്കപ്പെട്ടവരുടെയും -അവരുടെ ഒപ്പം നിലയുറപ്പിച്ച് നീതിയ്ക്കും സമഭാവനയ്ക്കുമായി നമ്മെത്തന്നെ സമർപ്പിക്കുന്നതുവഴിയാണ്.

ആവശ്യക്കാരുടെ ആവശ്യങ്ങൾ പെട്ടന്നു തിരിച്ചറിയാനുള്ള നൈസർഗ്ഗികമായ വാസന അമ്മയ്ക്കുണ്ട്. കാനാവിലെ കല്യാണവിരുന്നിന് വീഞ്ഞു തീർന്നുപോയി എന്ന് പെട്ടെന്ന് മനസ്സിലാക്കി ആ അവസ്ഥയോട് ക്രിയാത്മകമായി പ്രതികരിക്കുവാൻ 'ആ അമ്മ മനസ്സിന്' മാത്രം സാധ്യമായ കാര്യമായിരുന്നു. ഇല്ലാത്തവരുടെ ഇല്ലായ്മയോട് സഹാനുഭൂതിയോടെ ഏകീഭവിക്കുവാനും പരിഹാരം കാണുവാനുമുള്ള മനോഭാവം അമ്മയെ ആദരിക്കുന്ന 'വിശ്വാസികൾ ആർജ്ജിക്കണം.'

'ഭൂമിയിലെ സകല വംശങ്ങളിൽനിന്നും ഭാഗ്യങ്ങൾക്ക് യോഗ്യതയുള്ളവളും വിശുദ്ധിയുള്ളവളും മഹത്വമുള്ളവളും അനുഗ്രഹിക്കപ്പെട്ടവളും നിത്യകന്യകയും ഭാഗ്യവതിയുമായ ദൈവമാതാവിനെ ഞങ്ങൾ ഓർക്കുന്നു' എന്ന് വി. കുർബ്ബാനയിൽക്കൂടി പ്രസ്താവിക്കുമ്പോൾ അമ്മയുടെ മാനുഷികമുഖം, സാമൂഹികമാനം, നീതിയോടുള്ള പ്രതിബദ്ധത, ദരിദ്രരോടും, ആലംബഹീനരോടുമുള്ള അമ്മയുടെ ഏകീഭാവം- ഇവ നമുക്ക് നഷ്ടപ്പെടരുത്.

**'പ. കന്യാകമറിയാമിന്റെ ഓർമ്മ വാഴ്വിന്നാകട്ടെ'**

## മൂന്നു ദശകം പൂർത്തിയാക്കുന്ന...

(പേജ് 2-ൽ നിന്നും)

മലങ്കരയിലെ സുറിയാനി സഭയെ ഇത്രമാത്രം കരുതിയ ഒരു പാത്രിയർക്കീസ് ബാവാ വേറെ ഇല്ലെന്നു തന്നെ പറയാം മലങ്കരയിൽ 4 പ്രാവശ്യം സ്റ്റേറ്റ് ഗസ്റ്റായിതന്നെ ശ്ലൈഹികസന്ദർശനം നടത്തിയതു വലിയ ഉദാഹരണമാണ്. സഭയുടെ നിർണായഘട്ടത്തിൽ 2002 ജൂലൈ 26-ന് ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ ബാവായെ വാഴിച്ച് സഭയെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തി. മലങ്കരയുടെ യാക്കോബ് ബുർദാനയായ ശ്രേഷ്ഠ ബാവായുടെ നേതൃത്വത്തിൽ സഭ അഭൂതപൂർണ്ണമായ നിലയിൽ വളർന്നുകൊണ്ടിരിക്കുന്നു. മലങ്കരയ്ക്കായി 22 മെത്രാപ്പോലീത്തന്മാരെ പ. പാത്രിയർക്കീസ് ബാവ ഇതുവരെയായി വാഴിച്ചിട്ടുണ്ട്. മലങ്കരയിൽവെച്ച് പ. പിതാവ് 2 പ്രാവശ്യം വി. മൂറോൻ കൂദാശ നടത്തി അസോസിയേഷനുകളിൽ അദ്ധ്യക്ഷത വഹിക്കുകയും പ. ബാവായുടെ സ്ഥാനാരോഹണ രജതജൂബിലി ഉദ്ഘാടനം മലങ്കരയിൽവെച്ച് തന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയും ശ്രേഷ്ഠ ബാവായുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. പ. ബാവാ ഇതുവരെ ഒരു കാതോലിക്കാ ബാവായേയും 50 മെത്രാപ്പോലീത്തന്മാരേയും വാഴിച്ചു.

മുപ്പതാം സ്ഥാനാരോഹണ വാർഷികം ആഘോഷിക്കുന്ന ആകമാന സുറിയാനി സഭയുടെ അഭിമാനവും അലങ്കാരവുമായ പ. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ നേതൃത്വത്തിൽ സുറിയാനി സഭ ഇനിയും വളർച്ച പ്രാപിക്കട്ടെ എന്നും യുഗപ്രഭാവനായ പ. ബാവായ്ക്ക് ഇനിയും അനേക വർഷങ്ങൾ പിന്നിടാൻ ദൈവം ആയുസ്സും ആരോഗ്യവും നൽകട്ടെ എന്നും നമുക്ക് പ്രാർത്ഥിക്കാം. *(കടപ്പാട്: വിശ്വാസ സംരക്ഷകൻ)*

പെരുന്നാൾ ആശംസകൾ

KALAYIL
FAMILY
Manarcad



പെരുന്നാളശംസകൾ

E-MART
SUPER MARKET
Ezhamalil Bldg, Neelimangalam

# ശ്രേഷ്ഠ ബാവാ മലങ്കരയുടെ പ്രകാശഗോപുരം

**സുരേഷ് ജോൺ കൈപ്പള്ളിൽ (ചീഫ് എഡിറ്റർ)**

മലങ്കര യാക്കോബായ സുറിയാനിസഭയുടെ നിർണായകകാലഘട്ടത്തിൽ, സഭാംഗങ്ങൾക്കെല്ലാം വഴികാട്ടിയ പ്രകാശഗോപുരമായിരുന്നു ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് പൗലൂസ് ദ്വിതീയൻ ബാവാ. മെത്രാപ്പോലീത്ത ആയും, സഭാദ്ധ്യക്ഷൻ എന്ന നിലയിലും യാക്കോബായ സഭയ്ക്കു ശ്രദ്ധേയമായ സംഭാവനകൾ നൽകിയ ശ്രേഷ്ഠ ബാവാ മറ്റു ക്രൈസ്തവ വിഭാഗങ്ങളുടെയും, അന്യമതസ്ഥരുടെയും സ്നേഹവും ആദരവും നേടിയിരുന്നു. ജനങ്ങൾക്കു ക്ഷേമവും ഐശ്വര്യവും ഉണ്ടാവണമെന്നതു തന്റെ ഏറ്റവും വലിയ പ്രാർത്ഥനയായി കരുതിയ ശ്രേഷ്ഠ ബാവാ എന്നും അശരണർക്ക് ആലംബമായിരുന്നു.

വൈദീക പാരമ്പര്യം കൊണ്ടു ധന്യമായ കുടുംബത്തിലാണ് ശ്രേഷ്ഠംബാവായുടെ ജനനം. കോട്ടയം പഴയ സെമിനാരി, എം.ഡി. സെമിനാരി എന്നിവിടങ്ങളിൽ മൽപാനായിരുന്ന പിതാ വു ചെറായി പുതുശ്ശേരി ജോസ ഫ് കശ്ശീശ മലങ്കര ഇടവക ദീപ്തിയുടെ പത്രാധിപരായിരുന്നു. ആരാധനാകാര്യങ്ങളിൽ പിതാവിനെ സഹായിക്കുന്നതിൽ തൽപരനായ പി. ജെ. പൗലോസ് സഭാസേവനം തന്നെ തെരഞ്ഞെടുത്തതു ദൈവനിയോഗമായി കരുതാം.

ഈ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ സഹോദരൻ അയ്യപ്പന്റെ സാമൂഹിക പരിഷ്കരണാഹ്വാനം കേട്ടു ത്രസിച്ചു നിന്ന ചെറായിയിൽ ആയിരുന്നു സെക്കൻഡറി വിദ്യാഭ്യാസം. തുടർന്നു കോട്ടയം സി. എം. എസ്. കോളേജിലും ആലുവ യു. സി. കോളേജിലും ആയി വിദ്യാഭ്യാസം പൂർത്തീയാക്കിയ അദ്ദേഹം അന്ന് ഇന്ത്യയെ പിടിച്ചുലച്ചിരുന്ന സ്വാതന്ത്ര്യപ്രക്ഷോഭങ്ങളിൽ അതീവതൽപരനായിരുന്നു. സ്റ്റേറ്റ് കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭത്തോട് അനുഭാവം പ്രകടിപ്പിക്കാൻ സി. എം. എസ്. കോളേജിൽ ഉപവാസമിരുന്ന ആ യുവാവിൽ സമൂഹത്തോടുള്ള പ്രതിബദ്ധത അന്നേ പ്രകടമായിരുന്നു.

ബാല്യകാലത്തു പിതാവിൽനിന്നു സുറിയാനി അഭ്യസിച്ച അദ്ദേഹം മഞ്ഞിനിക്കര ദയറായിലായിരുന്നു വൈദിക പഠനം നടത്തിയത്. സുറിയാനിയിലും, സംസ്കൃതത്തിലും, ഇംഗ്ലീഷിലും അഗാധപാണ്ഡിത്യം ഉണ്ടായിരുന്ന യുവവൈദികൻ സഭയിൽ ശ്രദ്ധേയനാകാൻ അധികം വൈകിയില്ല. വൈദീകനായിരിക്കെ, ആത്മീയ പ്രസ്ഥാനങ്ങൾക്കു നേതൃത്വം നൽകിയ കണ്ടനാടു ഭദ്രാസനത്തിനു പുതിയ അധിപനെ തിരഞ്ഞെടുക്കേണ്ടിവന്നപ്പോൾ, പള്ളി പ്രതിപുരുഷയോഗം ആ സ്ഥാനത്തേക്കു നിയോഗിച്ചതു ഫാ. പി. ജെ. പൗലോസിനെ ആയിരുന്നു. പൗലൂസ് മോർ പീലക്സിനോസ് എന്ന പേരിൽ അദ്ദേഹത്തെ മെത്രാഭിഷേകം നടത്തിയത് സിറിയയിലെ ഹോംസിൽ വച്ച് പരിശുദ്ധ അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായാണ്. ഇപ്പോഴത്തെ പാത്രിയർക്കീസ് ബാവായെ വാഴിച്ചപ്പോൾ പ്രധാന കാർമികത്വം വഹിക്കാനുള്ള ഭാഗ്യം ശ്രേഷ്ഠ കാതോലിക്കാ ബാവായ്ക്കുണ്ടായി.

മെത്രാൻ സ്ഥാനം പൂമെത്തയല്ല, കഷ്ടതയുടെയും ത്യാഗത്തിന്റെയും പാതയാണെന്നു ശ്രേഷ്ഠ കാതോലിക്കാബാവായ്ക്ക് അന്നേ അറിയാമായിരുന്നു. മലങ്കരസഭ ആകമാന സുറിയാനിസഭയുടെ ഭാഗമാണെന്നും ആത്മീയാധികാരം പാത്രിയർക്കീസ് ബാവായ്ക്കാണെന്നുമുള്ള നിലപാടിൽ അദ്ദേഹം ഐക്യത്തിനായി ത്യാഗങ്ങൾ അനുഷ്ഠിച്ചു. 1958 -ലെ സുപ്രീം കോടതിവിധിയെത്തുടർന്നു സഭയിൽ സമാധാനം പുനഃസ്ഥാപിതമായപ്പോൾ, ഔഗേൻ മോർ തീമോത്തിയോസ് സീനിയർ മെത്രാപ്പോലീത്ത ആയും മോർ പീലക്സിനോസ് സഹായമെത്രാനായും ഭദ്രാസനത്തിന്റെ ഭരണചുമതല നടത്തി. പിൽക്കാലത്തു സഭയിൽ പ്രശ്നങ്ങൾ ഉണ്ടാകുകയും ചെയ്തപ്പോ ൾ, സഭയുടെ അമരക്കാരനായി യാക്കോബായ സഭയുടെ പള്ളിപ്രതിപുരുഷയോഗം തെരഞ്ഞെടുത്തതു പൗലോസ് മോർ പീലക്സിനോസിനെ ആയിരുന്നു.

ആ ചരിത്രനിയോഗമാണ് ഇരുപതു വർഷത്തിലേറെയായി ശ്രേഷ്ഠ കാതോലിക്ക സ്തുത്യർഹമായി നിർവ്വഹിച്ചത്. സ്ഥാനമാനങ്ങൾ ആ ജീവിതശൈലിയിൽ മാറ്റം വരുത്തിയില്ല. സഭയിലെ മാത്രമല്ല, എല്ലാ വിഭാഗങ്ങളിലെയും ജനങ്ങളും ശ്രേഷ്ഠംബാവായുടെ പ്രാർത്ഥനാ ജീവിതത്തെയും എളിമയെയും ഭക്ത്യാദരവോടെയാണു വീക്ഷിച്ചിരുന്നത്. ഇടവക ഭരണത്തിൽ നിയമത്തെക്കാൾ വാൽസല്യം നിറഞ്ഞ ശബ്ദത്തിനായിരുന്നു മുൻതൂക്കം. നയതന്ത്രചാതുര്യത്തിനോ, പാണ്ഡിത്യത്തിന്റെ പ്ര കടനത്തിനോ മുതിരാതെ സ്നേ ഹത്തിലും ത്യാഗത്തിലും അധിഷ്ഠിതമായ ജീവിതം. ആഴവും പരപ്പുമുള്ള വായനയുടെ ഉടമകൂടിയായിരുന്നു അദ്ദേഹം.

ഒച്ചപ്പാടില്ലാത്ത പ്രവർത്തനശൈലിയിലൂടെ, ശ്രേഷ്ഠ കാതോലിക്ക, സഭയ്ക്കു ബഹുമുഖമായ പുരോഗതി നേടിക്കൊടുത്തു. ഉദയഗിരി സെമിനാരി സ്ഥാപിച്ചതു വഴി, സഭയിലെ വൈദിക വിദ്യാഭ്യാസത്തിനു ശക്തമായ അടിത്തറ പാകി. മൂവാറ്റുപുഴയിലെ അരമന നിർമാണം. പൂർത്തിയായതു ശ്രേഷ്ഠകാതോലിക്ക ബാവായുടെ ഭരണത്തിലാണ്. സഭയുടെ വളർച്ച വിദേശനാടുകളിലുമെത്തി. സാധു പെൺകുട്ടികൾക്കു വിവാഹസഹായമെത്തിക്കാനും അനാഥർക്കു കൈത്താങ്ങൽ നൽകാനും കഴിഞ്ഞതിനെ ജീവിതത്തിലെ ധന്യമുഹൂർത്തമായി കണ്ടു. മണ്ണിനോടുള്ള അടുപ്പം കൈവിടാതിരുന്ന അദ്ദേഹം ഇടവക സന്ദർശനവേളയിൽ കർഷകരുമായി പ്രശ്നങ്ങൾ ചർച്ച ചെയ്യുമായിരുന്നു.

സുറിയാനി ഭാഷയിൽ ശ്രേഷ്ഠ ബാവായ്ക്കു അഗാധമായ പാണ്ഡിത്യം ഉണ്ടായിരുന്നു. വി. ഏവൻഗേല്യോൻ വായിക്കുമ്പോൾ സുറിയാനിയിൽനിന്ന് മൊഴിമാറ്റിയാണ് ബാവാ വായിച്ചിരുന്നത്. വടവാതൂർ അപ്പോസ്തോലിക് സെമിനാരിയിൽവച്ച് നടത്തിയ സുറിയാനി സമ്മേളനത്തിൽ ശ്രേഷ്ഠ ബാവാ രണ്ട് റമ്പാൻമാരാലാണ് അനുഗതനായി എത്തിയത്. അന്നവിടെ കൂടിയ കേരളത്തിലെ എല്ലാ സഭാമേലദ്ധ്യക്ഷന്മാരിൽനിന്നും വ്യത്യസ്തനായി ബാവാ. സമ്മേളനത്തിൽ പൂർണ്ണമായി സുറിയാനിയിൽ സംസാരിച്ചത് ബാവാ മാത്രമാണ്. ആരേയും ആകർഷിക്കുന്ന ഋഷിതുല്യമായ സൗന്ദര്യത്തിനുടമയായിരുന്നു ബാവാ. 133-ാം സങ്കീർത്തനത്തിൽ യഹോവയുടെ മധുര ഗായകനായ ദാവീദ് വർണ്ണിക്കുന്ന അഹറോന്റെ താടിപോലെ നീണ്ടതാടി ബാവായ്ക്ക് ഉണ്ടായിരുന്നു. ബാവാ മലേക്കുരിശ് ദയറായിൽ കബറടങ്ങിയിരിക്കുന്നു. ആ പുണ്യവാന്റെ കബറിടത്തിലക്ക് ആയിരങ്ങളാണ് വർഷം പ്രതി എത്തിച്ചേരുന്നത്. ശ്രേഷ്ഠംബാവായുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടാം.

"St. Mary Pray For Us"



Prakasham Tower

Best Compliments from:

Crown dental Lab - Ajman, UAE • Taj Medical Centre-Ajman, UAE
Gulf Dent Trading LLC, AJman, UAE • Bin Hindi Medical Centre Ajman, UAE
Crown International Dental Lab, Training Centre, Manarcad (Ph: 2373521)
Kids Nest. Daycare Centre & Play School
Church Junction, Manarcad (Ph: 2370677)

Tel : 0481 2373521, Fax 0481 2372589 • E-mail : gulfdent@emirates.net.ae

ഉപകാരസ്മരണ

MANOJ MATHEW

Marampadathu
Malam



# വെള്ളം പുതു വീഞ്ഞാകുമ്പോൾ (രൂപാന്തരപ്പെടുത്തുന്ന ദൈവമാതാവ്)

**ഡീക്കൻ സേവേറിയോസ്**

പാപത്താൽ പഴകിപ്പോയ മനുഷ്യന്റെ നവീകരണത്തിനും വീണ്ടെടുപ്പിനുമായി പിതാവാം ദൈവം തന്റെ പുത്രനെ ഈ ലോകത്തിലേക്കയച്ചു. രക്ഷകന് ഈ ലോകത്തിലേക്ക് എഴുന്നള്ളുവാൻ ഒരു ശാരീരിക രഥം ആവശ്യമായിരുന്നു. അപ്രകാരം പുത്രനു മാതാവാകുവാൻ ദൈവം തെരഞ്ഞെടുത്തവളായിരുന്നു വി. കന്യക മറിയാം. ഒരു നിമിഷം പോലും പിശാചിന് അടിമപ്പെടാത്ത കന്യകയായ അമ്മ ദൈവപുത്രനു ജന്മം നൽകിയത് വഴി മനുഷ്യകുലത്തിന്മേൽ ദൈവം അയച്ച ശാപം നീക്കപ്പെട്ടു. ആദിമാതാവായ ഹൗവ്വാമൂലം ഭൂമിയിലേക്കു വന്ന ശാപം രണ്ടാം ഹവ്വയാകുന്ന വി. മറിയാം മുഖാന്തിരം നീക്കപ്പെട്ടു.

വി. ദൈവമാതാവിന്റെ ജീവിതം ധ്യാനിക്കുമ്പോൾ സുകൃതങ്ങളുടെ കലവറയാണ് വി. മാതാവ് എന്ന് നമുക്ക് ദർശിക്കാൻ സാധിക്കും. കാനാവിലെ കല്യാണവീട്ടിൽ വി. മാതാവ് തന്റെ സാക്ഷ്യം വെളിപ്പെടുത്തുന്നു. വീഞ്ഞിന്റെ ദൗർലഭ്യം മൂലം പ്രതിസന്ധിയിലായ, അപമാനത്തിലായ കുടുംബത്തെ തന്റെ പ്രാർത്ഥനയാൽ ആനന്ദിപ്പിക്കുന്നു. വി, ദൈവമാതാവ് തന്റെ ജനനപെരുന്നാൾ കൊണ്ടാടുവാൻ (വ്രതശുദ്ധിയോടെ കാത്തിരിക്കുന്ന വിശ്വാസികളോട് വി. യോഹ. 2:1-12 യുള്ള വാക്യങ്ങളിലൂടെ വി. മാതാവ് മൂന്ന് ആഹ്വാനങ്ങൾ നൽകുന്നു.

1. വിഷമതകളെ മനസ്സിലാക്കി ക്രിയാത്മകമായി പ്രതികരിക്കുക

("വീഞ്ഞു പോരാതെ വരികയാൽ യേശുവിന്റെ അമ്മ അവനോട് അവർക്കു വീഞ്ഞില്ല എന്നു പറഞ്ഞു" (വി. യോഹ. 2:3)

പ്രശ്നങ്ങളും പ്രയാസങ്ങളും വെല്ലുവിളികളുമൊക്കെ നിറഞ്ഞ ഒരു ലോകത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. വേഗത നിറഞ്ഞ ആധുനിക ലോകത്ത്, എല്ലാം അനുഭവിക്കുവാനും ആസ്വദിക്കുവാനും ഉണ്ടായിട്ടും മനുഷ്യൻ ഇന്ന് പലതുകൊണ്ടും അസ്വസ്ഥനാണ്, അസംതൃപ്തനാണ്. അന്യോന്യം പ്രശ്നങ്ങളെയും പ്രയാസങ്ങളെയും മനസ്സിലാക്കുവാൻ, അന്യോന്യം പങ്കുവയ്ക്കുവാൻ, സഹോദരന്റെ പ്രശ്നങ്ങളിലേക്ക് ഒന്നിറങ്ങിച്ചെല്ലാൻ നമുക്കിന്ന് സാധിക്കുന്നില്ല. ക്രിസ്തീയ ആത്മീയതയുടെ കാതൽ സ്നേഹപൂർണ്ണവും രക്ഷാകരവുമായ സാഹോദര്യവും കരുതലുമാണ്. ആധുനികതയുടെ അതിവേഗതയിൽ നേട്ടങ്ങൾ കൊയ്തു നാം മുന്നേറുമ്പോൾ മറ്റുള്ളവരുടെ ആവശ്യങ്ങളെ മനസ്സിലാക്കി, ഭാരങ്ങളെ വഹിക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? കാനായിലെ കല്യാണ വീട്ടിൽ കടന്നുചെന്ന് ആ വീട്ടിലെ കുറവിനെ പരിഹരിക്കുവാൻ വി. മാതാവ് ശ്രമിക്കുന്നു. ബന്ധങ്ങളും സ്നേഹവുമെല്ലാം ശിഥിലമായിക്കൊണ്ടിരിക്കുന്ന ലോകത്തിൽ നാം ആയിരിക്കുമ്പോൾ നാം ഓർമ്മിക്കേണ്ട ഒരു വ്സതുത, മനുഷ്യജീവിതം ബന്ധങ്ങളുടെ സമാഹാരമാണ്. ബന്ധങ്ങളുടെ ശക്തിയാണ് ജീവിതത്തിന്റെ ഓജസ്സും തേജസ്സും. സ്നേഹമുള്ളിടത്ത് സഹനമുണ്ട്, അപ്പോൾ അന്യന്റെ പ്രശ്നങ്ങളിലേക്ക് ഇറങ്ങിചെല്ലുവാൻ നമുക്ക് സാധിക്കും. മറ്റുള്ളവരുടെ പ്രശ്നങ്ങളെ മനസ്സിലാക്കി അതിനോട് ക്രിയാത്മകമായി പ്രതികരിക്കുന്ന, പ്രശ്നങ്ങളെയും പ്രയാസങ്ങളെയും അറിയിക്കേണ്ടവനെ അറിയിക്കുന്ന വി. ദൈവമാതാവിന്റെ സാക്ഷ്യം നമ്മുടെ ജീവിതത്തിലും പ്രാവർത്തികമാക്കുവാൻ ഈ എട്ടുനോമ്പിലൂടെ നമുക്ക് സാധിക്കണം.

2. കർത്താവിന്റെ കൽപ്പനകൾ പാലിക്കുക.

"അവന്റെ അമ്മ ശുശ്രൂഷക്കാരോട് അവൻ നിങ്ങളോട് എന്തെങ്കിലും കൽപിച്ചാൽ അത് ചെയ്യുവിൻ എന്നു പറഞ്ഞു'' (വി. യോഹ. 2:5)

ആത്മീയതയ്ക്ക് പുതിയ മാനങ്ങൾ അനുദിനം നൽകിക്കൊണ്ടിരിക്കുന്ന ഒരു ലോകത്തിലാണ് ഇന്ന് നാം ജീവിക്കുന്നത്. രക്ഷിക്കപ്പെടുവാനും രക്ഷയിലേക്ക് നയിക്കുവാനും അനേകം ആളുകളുള്ള എളിയവനായ കർത്താവിന്റെ വലിയ ദാസന്മാരുടെ ലോകത്തിൽ നാം ആയിരിക്കുമ്പോൾ വി. ദൈവമാതാവിന്റെ ജീവിതവും വാക്കുകളും നമുക്ക് മാതൃകയും അനുകരണീയവുമാണ്. അമ്മ പറയുന്നു "അവൻ നിങ്ങളോട് എന്തെങ്കിലും കൽപ്പിച്ചാൽ അത് ചെയ്യുവീൻ". ആ വേദവാക്യം വളരെ പ്രാധാന്യമുള്ള ഒന്നാണ്. കാരണം അത് തന്നോട് മാധ്യസ്ഥം യാചിക്കുന്നവരോടുമുള്ള മാതാവിന്റെ ആഹ്വാനമാണ്. മാതൃസഹജമായ ഓർമ്മപ്പെടുത്തലാണ്. അതായത് കർത്തൃഹിതം , കർത്തൃ കല്പനകൾ നിങ്ങൾ പാലിക്കുക.

ഇന്ന് പരിശുദ്ധ സഭയുടെ സകല സന്താനങ്ങളോടും വി. ദൈവമാതാവിന് വിളിച്ചു പറയുവാനുള്ളതും ഇതു തന്നെ രക്ഷകന്റെ കൽപ്പനകൾ നിങ്ങൾ പാലിക്കുക. എന്താണ് രക്ഷകന്റെ കല്പനകൾ? വി. യോഹ. 13:31-32യുള്ള വാക്യങ്ങളിൽ ഇപ്രകാരം നാം വായിക്കുന്നു ''നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന് പുതിയൊരു കൽപ്പന ഞാൻ നിങ്ങൾ വാക്കു തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം. എന്നു തന്നെ. നിങ്ങൾക്കു തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും." സ്നേഹമാകുന്ന ദൈവം സ്നേഹബലിയായി തന്റെ ജീവൻ നൽകി നമ്മെ വീണ്ടെടുത്തപ്പോൾ അവൻ നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത് സ്നേഹമാണ്. വി. ദൈവമാതാവും തന്റെ ജീവിത പ്രവർത്തനങ്ങൾ കൊണ്ട് നമ്മോട് ആഹ്വാനം ചെയ്യുന്നതും ഇതു തന്നെയാണ്. സഭയുടെ മൂല വിശ്വാസസമൂഹത്തിന്റെയും ദൗത്യവും ഇതു തന്നെയാണ്. സമൂഹത്തിൽ ജീവന്റെ സമൃദ്ധിക്കും സ്നേഹത്തിന്റെ പരിപോഷണത്തിനും വേണ്ടി പ്രവർത്തിക്കുവാൻ വി. ദൈവമാതാവിന്റെ മാദ്ധ്യസ്ഥം യാചിക്കുന്ന ഈ നാളുകളിൽ നമുക്ക് സാധിക്കണം. പരിശുദ്ധ സുറിയാനി സഭയുടെ വലിയ നോമ്പു നമസ്ക്കാരത്തിൽ ഇപ്രകാരം സഭ പ്രാർത്ഥിക്കുന്നു. "അപ്പവും വെള്ളവും മാത്രം വെടിഞ്ഞുള്ള ഉപവാസം നോമ്പായി പരിഗണിക്കുന്നില്ല. നോമ്പിന് സ്നേഹം കലരുന്നില്ലെങ്കിൽ ആ നോമ്പ് വ്യർത്ഥം'' സ്നേഹപൂർവ്വം നോമ്പാചരിച്ച് വിശുദ്ധി നേടുവാൻ, കർത്താവിന്റെ കൽപ്പനകൾ പാലിക്കുവാൻ ഈ എട്ടുനോമ്പ് മുഖാന്തിരമാവണം.

3. രക്ഷകനെ അനുഗമിക്കുക

''അനന്തരം അവനും അവന്റെ അമ്മയും സഹോദരന്മാരും ശിഷ്യന്മാരും കഫർന്നഹൂമിലേക്ക് പോയി, അവിടെ ഏറെ നാൾ പാർത്തില്ല." (വി. യോഹ. 2:12)

ദൈവകൃപ അളവില്ലാത്ത പ്രാപിച്ച വ്യക്തിയായിരുന്നു വി. ദൈവമാതാവ്. അതുകൊണ്ടാണ് മാലാഖ ''കൃപ ലഭിച്ചവളേ നിനക്കു വന്ദനം" എന്ന് മാതാവിനെ അഭിസംബോധന ചെയ്യുന്നത്. ദൈവസ്നേഹത്താൽ നിറയപ്പെട്ട വി. മാതാവ് ദൈവാത്മാവിനാൽ പ്രേരിതയായിരുന്നു.

ഇതാ ഞാൻ കർത്താവിന്റെ ദാസി എന്നുള്ളതായ പരിപൂർണ്ണ സമർപ്പണത്തിലൂടെ ദൈവത്തെ ആഗമിക്കുന്നതിനുള്ള ഉത്തരവാദിത്വവും അമ്മ സ്വയം ഏറ്റെടുക്കുന്നു. പൂർണ്ണമായി ദൈവഹിതത്തിന് തന്നെ തന്നെ വിധേയപ്പെടുത്തി കൊടുക്കുന്നു. ഇന്ന് വിധേയപ്പെടേണ്ടയിടങ്ങളിൽ വിധേയപ്പെടുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? ഒന്നു താഴ്ന്നു കൊടുക്കുവാൻ, വിട്ടു കൊടുക്കുവാൻ നമുക്ക് കഴിയുമോ? ഗോശാല മുതൽ ഗോൽഗോഥാ വരെ വി. ദൈവമാതാവ് തന്റെ അരുമ സുതനെ അനുഗമിക്കുന്നു; സഹനങ്ങൾ ഏറ്റെടുക്കുന്നു. കാരണം യേശു തമ്പുരാൻ കൽപ്പിച്ചിരിക്കുന്നു ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ കുരിശെടുത്ത് എന്നെ അനുഗമിക്കട്ടെ, കുരിശിന്റെ ചുവടോളം പുത്രനെ അനുഗമിച്ച്, തുടർന്ന് രക്ഷാകര പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നു. വി. മാതാവ്.

ദൈവജനവും ക്രിസ്തുവിന്റെ ഭൗതീക ശരീരവും പരിശുദ്ധാത്മാവിന്റെ ആലയങ്ങളുമായി സഭയെ ഈ ലോകത്തിൽ നിരന്തരം പടുത്തുയർത്തുക എന്ന ക്രൈസ്തവ ധർമ്മത്തിൽ നാം ഓരോരുത്തരും പങ്കാളികളാകണമെന്ന് നോമ്പിന്റെ ഈ നാളുകളിൽ വി. ദൈവമാതാവ് ആഗ്രഹിക്കുന്നു. ശുശ്രൂഷിക്കപ്പെടുവാനുള്ളതല്ല, ശുശ്രൂഷിക്കുവാനും സ്വന്തം ജീവനെ മറുവിലയായി നൽകുവാനുമുള്ളതാണ് ക്രൈസ്തവ ജീവിതമെന്ന യേശു തമ്പുരാന്റെ വാക്കുകളെ വി. മാതാവ് തന്റെ ജീവിതത്തിലൂടെ വരച്ചു കാട്ടുന്നു. ത്യാഗപൂർണ്ണമായി, സഹനത്തെ പേറി, തന്റെ സുതനെ അനുഗമിക്കുന്ന അമ്മ നമ്മുടെ അമ്മയാണ്, ക്രിസ്ത്യാനികളുടെ സഹായമാണ്, സകല ശുദ്ധിമാന്മാരുടെയും രാജ്ഞിയാണ്. കാനാവിലെ കല്യാണ വീട്ടിൽ ഗൃഹനാഥൻ യേശുവിനോടൊപ്പം വി. മാതാവിനെയും തന്റെ ശ്ലീഹന്മാരേയും തന്റെ ഭവനത്തിലേക്ക് ക്ഷണിക്കുന്നു. ഈ നോമ്പിന്റെ നാളുകളിൽ വി. ദൈവമാതാവിനെ നമ്മുടെ കുടുംബങ്ങളിലേക്ക്, നമ്മുടെ വ്യക്തി ജീവിതങ്ങളിലേക്ക് ക്ഷണിക്കുവാൻ നമുക്ക് സാധിക്കണം. അപ്പോൾ പായലും, അഴുക്കും പിടിച്ച കൽഭരണികളാകുന്ന നാമോരോരുത്തരും തിളങ്ങുന്ന കാസകളായിത്തീരും; അമ്മയുടെ പ്രാർത്ഥനയാൽ വെള്ളമാകുന്ന നാം രുചിയുള്ള വീഞ്ഞുകളായി രൂപാന്തരപ്പെടും. വി. കന്യക മർത്തമറിയം അമ്മയ്ക്ക് ദൈവസന്നിധിയിൽ മുഖപ്രസന്നതയും, തന്റെ പുത്രന്റെ സന്നിധിയിൽ അപേക്ഷ സ്വാതന്ത്ര്യവുമുള്ളതുകൊണ്ട്. വി. മാതാവിന്റെ മദ്ധ്യസ്ഥ്യതയിൽ അഭയപ്പെട്ട്, നമുക്ക് പാടാം,

*(ബക്ദൂശ് കൂദ്ശീൻ ഹൗ*
*ഗാവോയോ- നാഥാ സവിധേ*
*ഉൾപ്രാകാരെ -രാഗം)*

*സ്വർഗ്ഗാധിപനാം നാഥാ ദേവാ*
*സർവ്വേശാ*
*നിന്നാലയമതിനുൾ ആഗതരായി*
*അടിയാൻ*
*പാവന കന്യകമറിയാം*
*മാതാവിന്റെ*
*ഓർമ്മയതിൽ നിന്നെ*
*വാഴ്ത്തിപ്പാടുന്നു.*

*പാപവിമോചനമരുളണമേ നാഥാ*
*നിൻ പ്രിയ മാതാവിൻ*
*പ്രാർത്ഥനയാൽ*
*പാവന കന്യേ ഞങ്ങൾക്കായ്*
*യാചിക്ക*
*എന്നും ഞങ്ങൾ തൻ മൃതി*
*നാഴികയതിലും*



പെരുന്നാളിനോടനുബന്ധിച്ചുള്ള പൊതുസമ്മേളനം ശ്രേഷ്ഠബാവാ ഉദ്ഘാടനം ചെയ്യുന്നു




മഴവെള്ളം ഗ്ലാസ്സിൽ പതിയാതിരിക്കാൻ
ഹെഡ്‌ലൈറ്റ് പ്രകാശം
കണ്ണിൽ പതിയാതിരിക്കാൻ
Masterclean Glass Coat ഉപയോഗിക്കൂ..

വാഹന അപകടം ഒഴിവാക്കൂ...




ENJOY THE THRILL OF CLEANING BY Masterclean Machines







ഫ്ളോർ നനച്ച് തുടച്ച് വൃത്തിയാക്കാൻ



5 മിനിറ്റ് കൊണ്ട് കാർ വാഷിംഗ്,
പായലുള്ള പ്രതലങ്ങൾ, പട്ടിക്കൂട്
എന്നിവിടങ്ങൾ വേഗത്തിൽ ക്ലീൻ ചെയ്യാം

Contact : Authorised dealer
St. Marys Group
Since 1960
NAVIGATOR TRADINGS
Vadavathoor, Kottayam
Ph: 0481-3238971, Mob: 9496619990



കളിമണ്ണിന് ഒരു പകരക്കാരൻ

"സിമോക്സ് ക്ലേ"

അനുഭവസ്ഥർ പറയുന്നു




ഇഷ്ടിക, ഓട്, ടൈൽസ് എന്നിവ നിർമ്മിക്കുന്നതിന് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കളിമണ്ണിനു പകരം CMRL ഉത്പാദിപ്പിക്കുന്ന ' സിമോക്സ് ക്ലേ ' ഉപയോഗിക്കാമെന്ന് തെളിഞ്ഞിരിക്കുന്നു.

**സിമോക്സ് ക്ലേ ഉപയോഗിക്കുന്നതിന്റെ പ്രത്യേക ഗുണങ്ങൾ**

കളിമണ്ണിന്റെ ഉപയോഗം ഗണ്യമായി കുറയ്ക്കുന്നതുവഴി നെൽപ്പാടങ്ങൾ കുഴിക്കുന്നത് ഒഴിവാക്കാം.
നിർമ്മാണത്തിന് ആവശ്യമായ വെള്ളത്തിന്റെയും, വിറകിന്റെയും ഉപയോഗം കുറയ്ക്കുന്നതുമൂലം നിർമ്മാണച്ചിലവ് ഗണ്യമായി കുറയുന്നു.
സിമോക്സിന്റെ പ്രത്യേക ഘടന ഇഷ്ടികക്കും ഓടിനും കൂടുതൽ ബലവും, നിറവും, ഭംഗിയും നൽകുന്നു.
CMRL സിമോക്സ് ക്ലേയുടെ ഉൽപാദനം വാണിജ്യാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുള്ളതുമൂലം ആവശ്യക്കാർക്ക് തുടർച്ചയായി നൽകുവാൻ കമ്പനിക്ക് സാധിക്കുന്നു.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് CMRL ഉത്പാദിപ്പിക്കുന്ന സിമോക്സ് ക്ലേ ഓട്, ഇഷ്ടിക നിർമ്മാണത്തിന് ഉപയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.
കേന്ദ്ര പരിസ്ഥിതി - വനംവകുപ്പ് നടത്തിയ പരിശോധനയിൽ CMRL ഉത്പാദിപ്പിക്കുന്ന സിമോക്സ് ക്ലേ പരിസ്ഥിതിക്ക് ഹാനികരമല്ലെന്ന് സർട്ടിഫൈ ചെയ്ത് ഉത്തരവിറക്കിയിട്ടുണ്ട്.
ഇതുപ്രകാരം ഇഷ്ടിക, ഓട്, നിർമ്മാണത്തിന് കമ്പനിയിൽനിന്നും സിമോക്സ് കൊണ്ടുപോകുന്നതിന് ജില്ലാ കളക്ടർ അനുമതിയും നൽകിയിരിക്കുന്നു.
കേന്ദ്രവാണിജ്യ വകുപ്പ് സിമോക്സ് ഉത്പന്നത്തിന്റെ നിർമ്മാണ വിപണനത്തിന് CMRL - ന് അനുമതി നൽകിയിട്ടുണ്ട്.

**സിമോക്സ് ഉപയോഗിച്ച കേരളത്തിലെ ഓട്, ഇഷ്ടിക നിർമ്മാതാക്കൾക്ക് ഇതിന്റെ സവിശേഷതയും, മേന്മയും ബോധ്യപ്പെട്ടിട്ടുണ്ട്.**

**ഓട്, ഇഷ്ടിക നിർമ്മാണങ്ങൾക്കായി സിമോക്സ് ക്ലേ ആവശ്യമുള്ള അംഗീകൃത നിർമാതാക്കൾ ബന്ധപ്പെടുക**

**കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടയിൽ ലിമിറ്റഡ്**

മാർക്കറ്റിങ്ങ് ഡിപ്പാർട്ട്മെന്റ്, പി. ബി. നമ്പർ - 73, VIII/224 മാർക്കറ്റ് റോഡ്, ആലുവ - 683 101. Ph: 0484-2626789, e-mail: sachexim@vsnl.com, Fax: 0484 2625674

പ്രകൃതിയിൽനിന്നും, പ്രകൃതിയോടൊപ്പം, പ്രകൃതിയിലേക്ക് - CMRL ദൗത്യം


Published by St. Maryís Youth Association, Manarcad : For Private Circulation only. Printed at Mangalam Prinets Ltd., Kottayam
Designed by: Helmsman Graphics, Near Pallippurathukavu, Kottayam. Ph: 0481-2300384